കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - വികലാംഗരായ കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് വിദ്യാഭ്യാസ ബത്ത വർദ്ധിപ്പിച്ച ഉത്തരവ് പുറപ്പെടുവിച്ചത് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.18/2016/സഹ. തീയതി, തിരുവനന്തപുരം, 29.02.2016.

---

പരാമർശം:- 1) 12.01.2012 ലെ സ.ഉ.(എം.എസ്)7/2012/സഹ നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാരുടെ 26.09.2015 ലെ ഇ.എം(3)33951/15 നമ്പർ കത്ത്.

08 MAR 2016

## ഉത്തരവ്

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ബത്ത പ്രതിമാസം 150/- രൂപയിൽ നിന്നും 450/- രൂപയായി ചില നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവായിരുന്നു. ജനറൽ സ്കൂളുകളിൽ പഠിക്കുന്ന അംഗവൈകല്യം/മാനസിക വൈകല്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കളായ സഹകരണ സംഘം ജീവനക്കാർക്കും പ്രസ്തുത ബത്ത ബാധകമാക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൽ ഖണ്ഡിക (2)ലെ വ്യവസ്ഥ (1)-ൽ ജനറൽ സ്കൂളിൽ ഹയർ സെക്കന്ററി തലം വരെ വിദ്യാഭ്യാസം ചെയ്യുന്ന അംഗവൈകല്യം/മാനസിക വൈകല്യം സംഭവിച്ച കുട്ടികളുടെ മാതാപിതാക്കളായ സഹകരണ സംഘം ജീവനക്കാർക്കും പ്രസ്തുത ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. ഭൂഷൺ,

അഡീഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ